<u>മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി</u>

<u>ഓൺലൈൻ ആയി വിവിധ ഫീസുകൾ അടയ്ക്കേണ്ട വിധം</u>

1. **http://epay.mgu.ac.in** എന്ന വെബ്സൈറ്റ് സന്ദർശിക്കുക.




2. **Instructions** എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ഈ പോർട്ടലിൽ ലഭിക്കുന്ന എല്ലാ സേവനങ്ങളെക്കുറിച്ചും മനസ്സിലാക്കാവുന്നതാണ്.

3. M G University ഫീസുകൾ സ്വീകരിക്കുന്ന എല്ലാ മേജർ ഹെഡുകളും ഈ പേജിൽ ലിസ്റ്റുചെയ്തിട്ടുണ്ട്.

4. ആവശ്യമായ മേജർ ഹെഡ് ഇതിൽനിന്നും തിരഞ്ഞെടുക്കുക. (ഉദാഹരണത്തിന് ഡിഗ്രി സർട്ടിഫിക്കറ്റിനാണ് പണമടക്കേണ്ടതെങ്കിൽ **Certificates** എന്ന മേജർ ഹെഡ് തിരഞ്ഞെടുക്കുക.)

5. പുതിയ ഒരു പേജ് നമ്മുടെ മുൻപിൽ പ്രത്യക്ഷപ്പെടും. ഈ പേജിൽ നേരത്തെ തിരഞ്ഞെടുത്ത മേജർ ഹെഡിൽ fee അടയ്ക്കാവുന്ന purpose കളെല്ലാം ഉണ്ടായിരിക്കും. ഇതിൽനിന്നും നമുക്ക് വേണ്ടത് തിരഞ്ഞെടുത്തു അതിൽ ക്ലിക്ക് ചെയ്യുക.




6. ഈ Purpose മായി ബന്ധപ്പെട്ട പുതിയ പേജ് തുറന്നു വരും . ഈ പേജിൽ വ്യക്തിഗത വിശദാംശങ്ങൾ കൊടുത്തതിനു ശേഷം അത്യാവശ്യമായ ഓപ്ഷനുകൾ തിരഞ്ഞെടുത്താൽ നമ്മൾ അടയ്ക്കേണ്ട തുക നമുക്ക് കാണാൻ സാധിക്കും..



7. അടുത്തതായി proceed to payment എന്ന ബട്ടൺ ക്ലിക്ക് ചെയ്യുക.

8. ഇനി വരുന്ന പേജിൽ Payment Gateway തിരഞ്ഞെടുക്കാനുള്ള സംവിധാനം ഉണ്ടായിരിക്കുന്നതാണ്. നിങ്ങൾക്ക് വേണ്ട Payment Gateway തിരഞ്ഞെടുത്തു മുന്നോട്ടു പോകുക. നെറ്റ്ബാങ്കിങ് വഴിയോ ഡെബിറ്റ് കാർഡ് വഴിയ ആണ് പണം അടക്കാനുദ്ദേശിക്കുന്നതെങ്കിൽ താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും ഒരു payment gateway തിരഞ്ഞെടുക്കുക.

1. SBI ePay
2. PayU




9. നെറ്റ് ബാങ്കിങ് വഴിയല്ലാതെ കേരളത്തിലെ ഇന്റർനെറ്റ് സൗകര്യമുള്ള എല്ലാ പോസ്റ്റ് ഓഫീസുകളും എം ജി യൂണിവേഴ്സിറ്റി ഫീസ് പണമായി സ്വീകരിക്കുന്നതാണ്. ഇതിന്നായി ഇ-പയ്മെന്റ് പോർട്ടലിൽനിന്നും നിങ്ങൾക്കുവേണ്ട ആവശ്യങ്ങൾ രേഖപ്പെടുത്തിയ ഒരു ചലാൻ ജനറേറ്റ് ചെയ്തു അതിന്റെ പ്രിന്റ് ഔട്ട് എടുക്കേണ്ടതുണ്ട് . ഈ ചലാനും ആയാണ് പോസ്റ്റ് ഓഫീസിലേക്ക് ചെല്ലേണ്ടത്. ഇങ്ങിനെ അടയ്ക്കാൻ താല്പര്യമുള്ളവർ Post Office എന്ന ഓപ്ഷൻ തിരഞ്ഞെടുത്തു ചെല്ലാൻ ഡൌൺലോഡ് ചെയ്തു പ്രിന്റ് ഔട്ട് എടുത്തു ഇന്റർനെറ്റ് സൗകര്യമുള്ള ഏതെങ്കിലും പോസ്റ്റ് ഓഫീസിനെ സമീപിക്കുക.

10. ഓൺലൈനായി പണം അടയ്ക്കുമ്പോൾ എന്തെങ്കിലും പ്രശ്നം നേരിടുകയാണെങ്കിൽ താഴെ കൊടുത്തിട്ടുള്ള ഇ മെയിൽ അഡ്രസ്സിൽ വിവരം അറിയിക്കുകയോ ഫോൺ നമ്പറുകളിൽ (ഓഫീസ് സമയങ്ങളിൽ മാത്രം) സഹായം ആവശ്യപ്പെടുകയോ ചെയ്യാവുന്നതാണ്.

ഇ മെയിൽ

epayhelp@mgu.ac.in

ഫോൺ നമ്പറുകൾ

a. 0481 2733434
b. 0481 2733581

11. Payment Gateway യുടെ സഹായത്തോടുകൂടി ഏതെങ്കിലും ബാങ്ക് അക്കൗണ്ട് വഴി പണം അടച്ച ശേഷം തിരിച്ചു പോർട്ടലിൽ എത്തുന്നതിനു മുൻപ് താഴെ കാണിച്ച രീതിയിലുള്ള വെബ് പേജ് പ്രത്യക്ഷപ്പെടുന്നുണ്ടെങ്കിൽ ഒരു കാരണ വശാലും ക്യാൻസൽ ബട്ടൺ ക്ലിക്ക് ചെയ്യരുത്.




12. പണമടയ്ക്കുന്ന പ്രക്രിയ വിജയകരമായി പൂർത്തിയായാൽ താങ്കൾ നേരത്തെ കൊടുത്ത മൊബൈലിലേക്ക് SMS വഴിയും ഇമെയിൽ അഡ്രസിലേക്കു ഇമെയിൽ വഴിയും രസീത് ലഭിക്കുന്നതാണ്. പോർട്ടലിൽനിന്നും ലഭിക്കുന്ന രസീതിന്റെ പ്രിന്റ് ഔട്ട് എടുത്തു പിന്നീടുള്ള നടപടികൾക്കുവേണ്ടി സൂക്ഷിച്ചു വെക്കേണ്ടതാണ് . ഓൺലൈൻ സൗകര്യമില്ലാത്ത ഏതു ആവശ്യങ്ങൾക്കും അപേക്ഷിക്കണമെങ്കിൽ ഈ രസീതിന്റെ കോപ്പി അപേക്ഷയുടെ കൂടെ യൂണിവേഴ്സിറ്റിയിൽ സമർപ്പിക്കേണ്ടതാണ്. രസീതിന്റെ മാതൃക താഴെ കൊടുക്കുന്നു.


MAHATMA GANDHI UNIVERSITY
KOTTAYAM, KERALA, INDIA.

MGU e-Pay
ELECTRONIC PAYMENT

E-RECEIPT

Challan No

Date:30-10-2017

| | | |
|---|---|---|
| Purpose | : | Degree Certificates |
| Name | : | Lekshmi P |
| Register No | : | 401789 |
| Gateway Transaction ID | : | 100000396384 |
| Challan No: | : | 1730010020 |
| Amount | : | 405.00 |

Mahatma Gandhi University

13. <u>യൂണിവേഴ്സിറ്റി അക്കൗണ്ടിൽ അടച്ച പണം റീഫണ്ട് ചെയ്യപ്പെടുന്നതല്ല.</u>